(ഡി) കുറ്റക്കാരായവരുടെ പേരുവിവരവും ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നും വ്യക്തമാക്കാമോ? ഇല്ലെങ്കിൽ കാരണം അറിയിക്കാമോ ;

(ഇ) ഈ ക്രമക്കേടിൽ ഏതെങ്കിലും സംഘടനാ ഭാരവാഹികൾ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആരാണെന്നും ഏത് സംഘടനയുടെ ഭാരവാഹിയാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ടസിൽ ജോലി ചെയ്യാതെ കോൺട്രാക്ട് സൈറ്റിൽ ജോലി ചെയ്തതായി തെറ്റായി കാണിച്ച് ഇ.എസ്.ഐ, പി.എഫ്. അടച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി-ഇ) ബാധകമല്ല.

ട്രാവൻകൂർ ടൈറ്റാനിയത്തിൽ നിലവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഓഫീസർ തസ്തിക

248 (2486) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാവൻകൂർ ടൈറ്റിനിയത്തിൽ നിലവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഓഫീസർ തസ്തികകളുടെ എണ്ണം എത്രയാണ് എന്ന വിവരം ലഭ്യമാക്കാമോ;

(ബി) നിലവിൽ എത്ര ഓഫീസർമാരാണ് പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്യുന്നത് എന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത സ്ഥാപനത്തിലേക്ക് എക്സിക്യൂട്ടീവ് ട്രെയിനികളെ റിക്രൂട്ട് ചെയ്യാൻ തീരുമാനിക്കുകയുണ്ടായോ;

(ഡി) എങ്കിൽ എത്ര പേരെ റിക്രൂട്ട് ചെയ്യുവെന്നും റിക്രൂട്ട് ചെയ്യാനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ ;

(ഇ) എക്സിക്യൂട്ടീവ് ട്രെയിനികൾക്ക് സർക്കാർ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) അംഗീകരിക്കപ്പെട്ട ഓഫീസർ തസ്തികകളുടെ എണ്ണം 126 ആണ്.

(ബി) നിലവിൽ 106 (നീണ്ട അവധി/ഡെപ്യൂട്ടേഷൻ ഉൾപ്പെടെ) പേരാണ് ഓഫീസർ തസ്തികയിൽ ജോലി ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) എക്സികൃട്ടീവ് ടെയിനി എന്ന തസ്തിക കമ്പനിയിലില്ല. എന്നാൽ കമ്പനിയിലെ അസിസ്റ്റന്റ് പ്ലാന്റ് മാനേജർ തസ്തികയിൽ സ്ഥിര നിയമനം നടത്തുന്നതിലേക്കായി മാനേജ്മെന്റ് ടെയിനി (കെമിക്കൽ) തസ്തികയിലെ മൂന്ന് ഒഴിവുകൾ 29-10-2014-ൽ കമ്പനി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(ഇ) മാനേജ്മെന്റ് ടെയിനികൾക്ക് സർക്കാരിൽ നിന്നും ആനുകൂല്യങ്ങളൊന്നും നൽകുന്നില്ല.

ഇൻകൃബേറ്റർ സെന്ററുകൾ

249 (2487) ശ്രീ. പി. തിലോത്തമൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. വി. ശശി :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കായി വ്യവസായ വികസന കോർപ്പറേഷൻ ഇൻകൃബേറ്റർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു ; മൊത്തം എത്ര സെന്ററുകൾ ആണ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്; അവ എവിടെയെല്ലാം ;

(ബി) പ്രസ്തുത സെന്ററുകളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഏതെല്ലാം തരം വ്യവസായങ്ങൾക്കാണ് ഈ സെന്ററുകൾ പ്രാമുഖ്യം നൽകുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ പുതുസംരംഭകർക്കായി വിവിധ സ്ഥലങ്ങളിൽ ബിസിനസ് ഇൻകൃബേഷൻ സെന്ററുകൾ തുടങ്ങാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി ആദ്യത്തെ ഇൻകൃബേഷൻ സെന്റർ കൊച്ചി കിൻഫ്ര പാർക്കിൽ 2014 നവംബർ മാസം 13-ാം തീയതി പ്രവർത്തനം ആരംഭിച്ചു. ഇതുകൂടാതെ, അങ്കമാലിയിൽ INKEL Tower, കോഴിക്കോട് വ്യവസായ വളർച്ചാ കേന്ദ്രം, തിരുവനന്തപുരത്ത് ലൈഫ് സയൻസ് ഇൻകൃബേറ്റർ എന്നീ പുതിയ ഇൻകൃബേറ്ററുകൾ തുടങ്ങാൻ കെ.എസ്.ഐ.ഡി.സി. നടപടി എടുത്തിട്ടുണ്ട്.

(ബി) പുതിയ സംരംഭകർക്ക് വിവിധ മേഖലകളിലുള്ളവരുടെ ആശയങ്ങൾ പ്രാവർത്തികമാക്കാനുള്ള അവസരമാണ് കെ.എസ്.ഐ.ഡി.സി. നൽകുന്നത്. ഇതിനുവേണ്ടി അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ സ്ഥലവും അനുബന്ധ സഹായവും ലഭ്യമാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly